DISPATCHED
On..11/11/22..

04/12/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


**CP.1125(6)/2017/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13406/SIC-G5/2017**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

ശ്രീ. പണലി മൂപ്പൻ,
(ഊര് മൂപ്പൻ)
മുത്തിക്കുളം ഊര്, പാലക്കയം പി.ഒ.,
ഷോളയൂർ പഞ്ചായത്ത്, മണ്ണാർക്കാട്. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്,
അഗളി പി.ഒ. – 678 581.. } എതിർകക്ഷി

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 04/02/2021 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം ലഭ്യമായത് പരിശോധിച്ചതിൽ ആയത് ഒട്ടുംതന്നെ തൃപ്തികരമായി കാണുന്നില്ല. പരാതി ഹർജിക്കാരന്റെ 20/05/2017 ലെ വിവരാവകാശ അപേക്ഷയ്ക്ക് കമ്മീഷന്റെ 04/02/2021 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം 02/03/2021 ലാണ് മറുപടി നൽകിയിട്ടുള്ളത്. ടിയാൻ നൽകിയ വിശദീകരണം അംഗീകരിക്കാൻ കഴിയാത്തതായതിനാൽ ഇപ്പോൾ കോഴിക്കോട് ജില്ലയിലെ ശുചിത്വമിഷൻ കോഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. അജീഷ് സി.കെ. ചെറിയകോലോത്ത് എന്നവരിൽ നിന്ന് വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം പതിനായിരം രൂപ (10,000/-) ഫൈൻ ഈടാക്കുവാൻ തീരുമാനിക്കുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം ശ്രീ. അജീഷ് സി.കെ. ചെറിയകോലോത്ത് 10,000/- രൂപ "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതു

മാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2021 ഡിസംബർ മാസം 04-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**അഡ്വ. എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION

sh